## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3320 — 29.01.2014 ലെ മറുപടിയ്ക്ക്

## വയനാട് പാക്കേജിന്റെ ഘടക പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വയനാട് പാക്കേജിന് അംഗീകാരം ലഭിച്ചത് എപ്പോഴാണ്;<br>(ബി) എത്ര തുകയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്;<br>(സി) വയനാട് പാക്കേജിൽ ഉൾപ്പെട്ട ഘടകപദ്ധതികൾ ഏതെല്ലാമാണ്; ഓരോ ഘടകപദ്ധതിക്കും നീക്കിവച്ച തുക എത്രയാണ്;<br>(ഡി) വയനാട് പാക്കേജിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്;<br>(ഇ) വയനാട് പാക്കേജിന്റെ നിബന്ധനകൾ പ്രകാരം, പദ്ധതി കാലാവധി കഴിഞ്ഞാൽ പദ്ധതി തുക ചിലവഴിക്കുവാൻ വ്യവസ്ഥയുണ്ടോ;<br>(എഫ്) ഇതിനോടകം വയനാട് പാക്കേജിന്റെ ഏതെല്ലാം ഘടകപദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു;<br>(ജി) പൂർത്തീകരിച്ചുകഴിഞ്ഞ ഓരോ ഘടക പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു;<br>(എച്ച്) പൂർത്തീകരിക്കാത്ത ഘടകപദ്ധതികൾ ഏതെല്ലാമാണ്;<br>(ഐ) പൂർത്തീകരിക്കാത്ത ഓരോ ഘടക പദ്ധതിയ്ക്കും നീക്കിവച്ച തുക എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു; ഇപ്പോൾ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണ്;<br>(ജെ) വയനാട് പാക്കേജ് പ്രകാരം ഇതിനകം ആരംഭിക്കാത്ത ഘടക പദ്ധതികൾ ഏതെല്ലാമാണ്;<br>(കെ) പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണ്;<br>(എൽ) പദ്ധതി കാലാവധി കഴിഞ്ഞാൽ ഈ തുക വിനിയോഗിക്കുവാൻ വ്യവസ്ഥ യുണ്ടോ; വിശദാംശം നൽകുമോ? | (എ), (ബി), (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്), (ഐ), (ജെ), (കെ), & (എൽ) | കുട്ടനാട്, ഇടുക്കി പാക്കേജുകൾ പോലെ ഒരു വയനാട് പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2012-2013 ൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയ്ക്കു വേണ്ടി പദ്ധതികൾ രൂപീകരിച്ച് ഭരണാനുമതി വാങ്ങി നടപ്പിലാക്കി വരുന്നുണ്ട്. ആയത് 2013-2014 ലും നടന്നുവരുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 2012-2013 വർഷം നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | ഘടക പദ്ധതി | നീക്കി വച്ച തുക (ലക്ഷം രൂപ) | ചെലവാക്കിയ തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം | 499.80 | 498.97 |
| 2 | പച്ചക്കറി കൃഷി വികസനം | 329.25 | 193.483 |
| 3 | മേൽത്തരം വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉല്പാദനം | 150.00 | 150.00 |
| 4 | കുരുമുളക തോട്ടങ്ങളിൽ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ | 380.00 | 380.00 |
| 5 | കർഷകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് | 200.00 | 200.00 |
| 6 | പഴം, പച്ചക്കറികൾ, ഇഞ്ചി എന്നിവയുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള യൂണിറ്റ് സ്ഥാപിക്കൽ | 500.00 | 500.00 |
| 7 | ക്ഷീര വികസനം | 300.00 | 300.00 |
| 8 | കണിയാമ്പറ്റയിൽ മാതൃകാ പരിശീലന കേന്ദ്രം സ്ഥാപിക്കൽ | 25.00 | 10.00 |
| 9 | എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിലുള്ള കാർഷിക വിദഗ്ധോപദേശ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ | 20.00 | 20.00 |
| 10 | പദ്ധതി നിർവ്വഹണ യൂണിറ്റും, ബോധവല്ക്കരണവും | 3.45 | 0.727 |
| | **ആകെ** | **2407.50** | **2253.18** |

### 2013-2014 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ക്രമ നമ്പർ | ഘടക പദ്ധതി | നീക്കി വച്ച തുക (ലക്ഷം രൂപ) | ചെലവാക്കിയ തുക (ഡിസംബർ വരെ) (ലക്ഷം രൂപ) |
|---|---|---|---|
| 1 | കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം | 700.00 | 395.10 |
| 2 | പച്ചക്കറി കൃഷി വികസനം | 300.00 | 86.00 |
| 3 | മണ്ണ് പരിപോഷണം | 120.00 | - |
| 4 | മുള്ളൻകൊല്ലി, പുല്പള്ളി പഞ്ചായത്തുകളിലെ വരൾച്ച പരിഹരിക്കുന്നതിനായി ചെറുകിട ജലസേചന പദ്ധതികൾ | 500.0 | 500.00 |
| 5 | കർഷകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് | 200.00 | - |
| 6 | കണിയാമ്പറ്റയിൽ മാതൃകാ പരിശീലന കേന്ദ്രം സ്ഥാപിക്കൽ | 35.00 | - |
| 7 | എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിലുള്ള കാർഷിക വിദഗ്ധോപദേശ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ | 20.00 | 20.00 |
| 8 | പദ്ധതി നിർവ്വഹണ യൂണിറ്റ് | 25.00 | 7.60 |
| | **ആകെ** | **1900.00** | **1008.70** |

സെക്ഷൻ ഓഫീസർ